LIBRARY ARCHIVES Kerala Legislative Assembly

ലോട്ടറി ഏജൻസികളുടെ വിൽപ്പന നികുതി വെട്ടിപ്പ്

38 [3764] ശ്രീമതി രാധാ രാഘവൻ:

ശ്രീ. ഡി. സുഗതൻ:

,, അടൂർ പ്രകാശ്:

,, എൻ. ഡി. അപ്പച്ചൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ഏജൻസികളുടെ വിൽപ്പന നികുതി വെട്ടിപ്പിനെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എത്ര ഏജൻസികൾ നികുതി വെട്ടിക്കുന്നതായി കണ്ടെത്തി;

(സി) 25 ലക്ഷത്തിൽ കൂടുതൽ നികുതി വെട്ടിപ്പ് നടത്തിയ ഏജൻസികൾ ആരെല്ലാമാണ്; എത്ര തുക വീതമാണ് ഇവർ വെട്ടിച്ചത്; ഇതിനെ സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) വാണിജ്യ നികുതി വകുപ്പിലെ അന്വേഷണ വിഭാഗം ഇതേക്കുറിച്ച് അന്വേഷണം നടത്തിവരുന്നുണ്ട്. ലോട്ടറി ഏജൻസികൾ നടത്തുന്ന നികുതി വെട്ടിപ്പ് തടയുന്നതിനായി ലോട്ടറി ഏജൻസികളെ വിൽപ്പന നികുതിയുടെ പരിധിയിൽ കൊണ്ടു വരുന്നതിനും നികുതി ഈടാക്കുന്നതിനും വേണ്ടി എല്ലാ ജില്ലകളിലും ഓരോ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി അന്വേഷണം നടത്തിവരികയാണ്.

(ബി—സി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

മൾട്ടിലെവൽ മാർക്കറ്റിംഗ്

39 [3765] ശ്രീ. എ. എൻ രാജൻബാബു:

,, കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടിലെവൽ മാർക്കറ്റിംഗ് സംവിധാനത്തിന്റെ പേരിൽ സംസ്ഥാനത്ത് അനേകംപേർ കബളിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൾട്ടിലെവൽ മാർക്കറ്റിംഗിന് സംസ്ഥാന ഗവൺമെന്റിന്റേയോ കേന്ദ്ര ഗവൺമെന്റിന്റേയോ എന്തെങ്കിലും പ്രത്യേക നിയമപരിരക്ഷയുണ്ടോ;

(സി) എങ്കിൽ മൾട്ടിലെവൽ മാർക്കറ്റിംഗ്/നെറ്റ്വർക്ക് മാർക്കറ്റിംഗിന് ഉള്ള നിയമപരിരക്ഷകൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ;